

വി.ജെ. കുര്യൻ ഐ.എ.എസ്

# ജീവിതത്തിന്റെ മാർഗദീപം

ജീവിതം മുഴുവൻ ദൈവാരാധനയാക്കിമാറ്റിയ പുണ്യാത്മാക്കൾ ഏറെയുണ്ട്. സ്വന്തം ആത്മാവിനു ദിവ്യദീപ്തി പകർന്നതോടൊപ്പം സഹജീവികളിലേക്കും അവരുടെ ജീവിതത്തിൽനിന്ന് ആധ്യാത്മികതേജസ് പ്രവഹിച്ചു. ഇവരുടെ ജീവിതം ലോകത്തിനാകെത്തന്നെ പ്രയോജനകരമായി ഭവിക്കുന്നു.

ഈ പ്രകാശഗോപുരങ്ങളുടെ ജീവിതമാതൃക സ്വന്തമാക്കാൻ യത്നിക്കുന്നവർക്കും അവരുടെ മാധ്യസ്ഥ്യം പ്രാർത്ഥിക്കുന്നവർക്കും ആത്മീയതലത്തിലും ഭൗതികതലത്തിലും നേട്ടങ്ങൾ കൈവരുന്നു.

ഓരോ സൃഷ്ടിയുടെ കാര്യത്തിലും ദൈവത്തിനുള്ള നിശ്ചിതപദ്ധതി അംഗീകരിക്കുന്നവർക്ക് ഇത്തരം പുണ്യചരിതരുടെ ജീവിതത്തെ ഉറ്റുനോക്കുന്നത് ഗുണകരമാകാതിരിക്കില്ല. വിജയകരമായി യുദ്ധം പൂർത്തിയാക്കിയ ഈ യോദ്ധാക്കൾ, നിശ്ചയമായും നമ്മെ ദൈവത്തിന്റെ പദ്ധതിക്കു വിധേയരാകാൻ പ്രാപ്തരാക്കും. കർമപദ്ധതികൾ കരുപ്പിടിക്കുമ്പോഴും പ്രായോഗികമാക്കുമ്പോഴും പിഴവുകൾ ഒഴിവാക്കുന്നതിന് ദൈവികമായ ആശ്രയബോധവും വിശുദ്ധാത്മാക്കളുടെ മാധ്യസ്ഥ്യസഹായവും ഏറെ സഹായിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. ഈ വിശ്വാസത്തിനു പിന്നിലെ യാഥാർത്ഥ്യം വ്യക്തമാക്കുന്ന അനുഭവങ്ങൾ ഒട്ടേറെ സ്വന്തമായുണ്ട്.

ഇപ്രകാരം എന്റെ ആധ്യാത്മികജീവിതം തീർച്ചയായും കർമമണ്ഡലവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ലാപ്ടോപ്പിലെ ഡേറ്റകൾക്കും, അതിനുമപ്പുറത്തെ വിജ്ഞാനങ്ങൾക്കും പ്രായോഗികപരിചയത്തിനുമെല്ലാംമേലെ കർമരംഗത്തു തീരുമാനങ്ങളെടുക്കാനും നയിക്കാനും മനസിനെ പ്രാപ്തമാക്കുന്ന 'സൂപ്പർ കംപ്യൂട്ടറി'ന്റെ കീ ബോർഡ് പ്രവർത്തിപ്പിക്കുന്നത് ദൈവമോ ഈ വിശുദ്ധാത്മാക്കളോ ആയിരിക്കണമെന്ന് ഞാൻ ആശിക്കുന്നു; പ്രാർത്ഥിക്കുന്നു.

ഈ പ്രാർത്ഥനയിൽ ഞാൻ മാധ്യസ്ഥ്യം തേടാറുള്ള വിശുദ്ധർ ഒന്നിലേറെയുണ്ട്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രാർത്ഥനാസഹായം ചെറുപ്പം മുതലേ തേടിവന്നിരുന്നു. പഠനകാലത്തും തുടർന്നും അതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ഒട്ടേറെയുണ്ട്.

പാലാ രൂപതയിൽപ്പെട്ട കുടുംബങ്ങളെല്ലാംതന്നെ തങ്ങൾക്കു കുടുംബബന്ധമുള്ള ഒരു വിശുദ്ധന്റെ സ്ഥാനമാണ് എത്രയോ കാലമായി ചാവറയച്ചനു കൽപിച്ചുകൊടുത്തിരിക്കുന്നത്. കൈനകരിക്കാരനാണു ചാവറയച്ചനെങ്കിലും മാന്നാനവുമായുള്ള അദ്ദേഹത്തിന്റെ കർമബന്ധംതന്നെ പ്രധാനകാരണം. ചാവറയച്ചന്റെ ധന്യജീവിതത്തിന്റെ ദീപ്തി ആദ്യകാലത്തു പ്രവഹിച്ചത് സ്വാഭാവികമായും പാലാ മേഖലയിലായിരുന്നു. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ കാര്യത്തിലും ഇതു ശരിതന്നെ.

ചാവറയച്ചനിൽനിന്ന് ആത്മീയോർജം ഉൾക്കൊള്ളാൻ മാന്നാനത്തു പോകുമ്പോഴെല്ലാം എന്റെ മനസിൽ വിസ്മയം സൃഷ്ടിച്ചുകൊണ്ടു മുന്നിൽനിൽക്കുന്നത് ആ ക്രാന്തദർശിയുടെ കർമകുശലതയെപ്പറ്റിയുള്ള ചിന്തകളാണ്. നലംതികഞ്ഞ ആധ്യാത്മികാചാര്യനായിരിക്കുമ്പോൾത്തന്നെ ആ കഠിനാധ്വാനിയുടെ കർമമണ്ഡലം എത്രയോ വിപുലവും ചടുലവുമായിരുന്നു. സി.എം.ഐ സഭയും ഒട്ടേറെ കൊവേന്തകളും പള്ളിക്കൂടങ്ങളും, അഗതിമന്ദിരങ്ങളും സ്ഥാപിക്കുന്നതിൽ ചാവറയച്ചൻ മുഖ്യപങ്കുവഹിച്ചു. മാന്നാനത്തു കൊവേന്ത പണിയാൻ നേതൃത്വം നൽകുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 26 മാത്രമായിരുന്നു. സീറോ – മലബാർ സഭയുടെ വികാരി ജനറാളെന്ന നിലയിൽ ചാവറയച്ചന്റെ സേവനം എത്രയോ സ്തുത്യർഹം. സത്യവിശ്വാസത്തിലൂന്നിയ ധീരമായ പ്രവർത്തനശൈലി വഴി അദ്ദേഹം ശീശ്മയ്ക്കെതിരേയും വിദേശമേൽക്കോയ്മയ്ക്കെതിരേയും പോരാടി.

ഇതിനിടയിലും എണ്ണമറ്റ രചനകളിലൂടെ സഭയ്ക്കും സഭാമക്കൾക്കും മാർഗദർശകനായി. പ്രാർത്ഥനയും പ്രവൃത്തിയും സമന്വയിപ്പിച്ചുകൊണ്ടുള്ള ദൈവാരാധനയ്ക്ക് ഇതുപോലുള്ള മാതൃക വിരളം.

ദൈവികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടും സത്യനിഷ്ഠയിൽനിന്നു കടുകിട വ്യതിചലിക്കാതെയും കർമനിരതനാവുക വഴി സഭയെയും നാടിനെയും സേവിച്ചുകൊണ്ട് ദൈവതിരുമുമ്പിൽ നൂറുമേനി വിളവുകൊയ്ത ആ മാർഗദീപത്തിന്റെ മാധ്യസ്ഥ്യം ജീവിതത്തിലുടനീളമുണ്ടാകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.